# പതിമൂന്നാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 801** **11.03.2015- ൽ മറുപടി.**

## കാസറഗോഡ് മെഡിക്കൽ കോളേജ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എൻ.എ.നെല്ലിക്കുന്ന് | ശ്രീ. വി.എസ്.ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) കാസറഗോഡ് മെഡിക്കൽ കോളേജ് ഈ ഗവൺമെന്റിന്റെ കാലത്ത് പ്രവർത്തനമാരംഭിക്കുവാനാകുമോ; | (എ) കാസർഗോഡ് മെഡിക്കൽ കോളേജ് 2016-17-ൽ പ്രവർത്തനക്ഷമമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. |
| (ബി) മെഡിക്കൽ കോളേജിന്റെ തറക്കല്ലിട്ടതിന് ശേഷം നാളിതുവരെയും യാതൊരുവിധ നിർമ്മാണപ്രവർത്തനങ്ങളും ആരംഭിച്ചിട്ടില്ലെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അതിനുള്ള കാരണം വ്യക്തമാക്കുമോ; | (ബി) തറക്കല്ലിട്ടതിനുശേഷം നരിക്കല്ല് നിറഞ്ഞ പ്രദേശം പ്രവർത്തന സജ്ജമാക്കാന് തീവ്രപ്രയത്നം വേണ്ടി വന്നു. പ്രദേശത്ത് വൈദ്യുതി വിതരണത്തിന് നിലവിലുണ്ടായിരുന്ന ലൈനുകൾ മാറ്റി സ്ഥാപിക്കുകയും പുതുതായി ലൈനുകൾ സ്ഥാപിച്ചും പ്രവർത്തനയോഗ്യമാക്കി. പദ്ധതി പ്രദേശത്ത് റോഡുകളുടെ നിർമ്മാണം നടക്കുന്നു. ശുദ്ധജല വിതരണത്തിന് കേരള വാട്ടർ അതോറിറ്റി തീവ്രമായി പ്രവർത്തിക്കുന്നു. ആശുപത്രിക്ക് വേണ്ടി ആദ്യഘട്ട നിർമ്മാണത്തിന് കിറ്റ്കോ ലിമിറ്റഡി-ന്റെ നേതൃത്വത്തിൽ 27.12.2014-ൽ ടെൻഡറുകൾ ക്ഷണിച്ചു. ടെൻഡർ അടങ്കൽ തുക 6845 ലക്ഷം രൂപയാണ്. ടെൻഡർ അംഗീകരിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. കാസറഗോഡ് പാക്കേജിൽ നിന്നും കോളേജിനു 25 കോടി രൂപയും നീക്കിവച്ചിട്ടുണ്ട്. |
| (സി) ടി മെഡിക്കൽ കോളേജിനായി മൊത്തം വരുന്ന ചെലവെത്രയാണ്; ടി തുക എങ്ങനെ കണ്ടെത്താനാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്; ഇതിനകം അനുവദിച്ച തുകയുടെ വിശദവിവരം ലഭ്യമാക്കുമോ? | (സി) കാസർഗോഡ് മെഡിക്കൽ കോളേജിനായി 388 കോടി രൂപ അടങ്കൽ ചിലവ് പ്രതീക്ഷിക്കുന്നു. ഡോ. പി.പ്രഭാകരൻ കമ്മീഷൻ ശുപാർശ ചെയ്ത രൂപ 25 കോടി 2014-15-ൽ ലഭ്യമാകും. നബാർഡ് ആർ.ഐ.ഡി.എഫ് സ്കീം പ്രകാരം 6845 ലക്ഷം രൂപയും ലഭ്യമാക്കും. 2012-13, 2013-14, 2014-15 സംസ്ഥാന ബഡ്ജറ്റുകളിലായി 11.25 കോടി രൂപ കാസർഗോഡ് മെഡിക്കൽ കോളേജിനായി അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ